സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഒരു നിയമത്തിന്റെ സാദ്ധ്യതയെക്കുറിച്ചും സംസ്ഥാനത്തിന് മാത്രമായുള്ള പാരമ്പര്യവിജ്ഞാനം (Traditional Knowledge) സംരക്ഷിക്കുന്നതിനായി നിലവിലുള്ള ബൗദ്ധിക സ്വത്തവകാശ സംരക്ഷണ വ്യവസ്ഥകൾക്ക് പുറമേ തനതായ ഒരു നിയമ വ്യവസ്ഥയുടെ സാദ്ധ്യതയെക്കുറിച്ച് (Sui Generic System) പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. ദേവസ്വം നിയമങ്ങൾ ഒഴികെ നഗരാസൂത്രണം, ജലസേചനം, മൽസ്യബന്ധനം, കനാലുകളും ഫെറികളും, ആമോദ്യവും ശുചീകരണവും, ക്രിസ്തീയ വിവാഹം, സൊസൈറ്റീസ് രജിസ്ട്രേഷൻ, സാംക്രമിക രോഗങ്ങൾ, മെഡിക്കൽ രജിസ്ട്രേഷൻ, യാചക നിരോധനം എന്നീ വിഷയങ്ങളിലായി 30-ഓളം നിയമങ്ങൾ ഏകീകരിക്കുന്നതിന് നിയമ പരിഷ്കരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ജലസേചനം സംബന്ധിച്ചുള്ള നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് (2003-ലെ 31-ാം ആക്റ്റ്) 2003 സെപ്റ്റംബർ 18-ാം തീയതി ഈ സഭ പാസ്സാക്കി നിലവിൽ വന്നു. സമാന സ്വഭാവമുള്ള നിയമങ്ങൾ ഏകീകരിക്കുമ്പോൾ വരാവുന്ന വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനും പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോളുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ടവരിൽ നിന്ന് വിശദമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു കൺസെപ്റ്റ് പേപ്പർ തയ്യാറാക്കി വരുന്നു.

കയറിനും കയറുൽപ്പന്നങ്ങൾക്കും ആഭ്യന്തര വിദേശ വിപണികൾ കണ്ടെത്താൻ നടപടി

5 [*136] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. തോമസ് ഐസക് :
,, പിരപ്പൻകോട് മുരളി :
,, കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിനും കയറുൽപ്പന്നങ്ങൾക്കും ആഭ്യന്തര-വിദേശ വിപണികൾ കണ്ടെത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആഗോള തലത്തിലുള്ള ആവശ്യങ്ങൾക്കനുസൃതമായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്, കയർ വ്യവസായത്തിൽ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനത്തിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഈ ഇനത്തിൽ ലഭിക്കുന്ന സഹായം സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എത്ര തുക സംഘങ്ങൾക്ക് നൽകുവാനുണ്ടെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കയറുൽപ്പന്നങ്ങൾക്ക് ആഭ്യന്തര-വിദേശ വിപണി കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. †

(ബി) കയർ വ്യവസായത്തിൽ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്. വിദേശ വിപണികൾ കണ്ടെത്തുന്നതിന് എക്സിബിഷനുകളിലും മറ്റും പങ്കെടുക്കുന്നതിന്റെ ചെലവിന്റെ ഒരു ഭാഗം വഹിക്കുന്ന പദ്ധതിക്ക് പുറമേ കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ വിപണി കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ വിപണന വികസന സഹായ പദ്ധതി (എം. ഡി. എ.) പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്. 2004-2005 വരെ 607.25 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) എം. ഡി. എ. ധനസഹായം കയർ സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്നില്ലെന്ന പ്രസ്താവന ശരിയല്ല. 2000-01 മുതൽ 2005-06 വരെ 22 കോടി 37 ലക്ഷം രൂപ എം. ഡി. എ. ഇനത്തിൽ കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കുമായി നൽകിയിട്ടുണ്ട്. എം. ഡി. എ. പദ്ധതിയുടെ കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങളിൽ, ഉപയോഗം സംബന്ധിച്ച് ചില നിബന്ധനകളുള്ളതിനാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതിനാൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാലും ഓഡിറ്റ് ചെയ്ത കണക്കുകൾ ഹാജരാക്കാത്തതിനാലും അപൂർണ്ണമായ അപേക്ഷകൾ സമർപ്പിക്കുന്നതിനാലും ചെറിയൊരു ശതമാനം സംഘങ്ങൾക്ക് എം. ഡി. എ. തുക ലഭിക്കാൻ താമസം നേരിടാറുണ്ട്. ചില സംഘങ്ങൾ ഇന്നിയും പൂർണ്ണമായ അപേക്ഷകൾ സമർപ്പിച്ചിട്ടില്ല. എം. ഡി. എ. അപേക്ഷകളിൽ ഇനിയും വിതരണം ചെയ്യുവാനുള്ളത് ഏകദേശം 2003-04 വർഷത്തിൽ 7.35 ലക്ഷം രൂപയും 2004-05 വർഷത്തിൽ 9.14 ലക്ഷം രൂപയുമാണ്.

യു. ഡി. എഫ്. സർക്കാരിന്റെ കാലത്തുണ്ടായ വ്യവസായ നിക്ഷേപം

6 [*137] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

,, വർക്കല കഹാർ :

,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വ്യവസായങ്ങൾക്ക് വേണ്ടി എന്തു തുകയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കപ്പെടുകയോ സ്ഥാപിക്കുന്നതിനുള്ള അനുവാദം കൊടുക്കുകയോ ചെയ്തിട്ടുണ്ട് ?

† അനുബന്ധം IV & IV(എ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—IV (എ)

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 5 [136]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

1. കർണ്ണാടകയിൽനിന്നും ലക്ഷദ്വീപിൽ നിന്നും യഥാക്രമം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി ചകിരി വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

2. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമായ കയർഫെഡിന് ഒരു റോമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയും 50 ലക്ഷം രൂപ കയർ കോർപ്പറേഷനും 100 ലക്ഷം രൂപ ഹോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനും നൽകി.

3. ചകിരിനാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് അതിന്റെ കൂടുതൽ ലഭ്യതയ്ക്കുവേണ്ടി യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. സഹകരണ മേഖലയിലുള്ള ഡീഫൈബറിംഗ് മില്ലുകളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നതിനു പുറമേ സ്വകാര്യ സംരംഭകർക്ക് അവയുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50% തുക (പരമാവധി 10 ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

4. ചകിരി ഉൽപ്പാദനത്തിന്റെ വർദ്ധനവ് ലക്ഷ്യമിട്ട് കുടുംബശ്രീ യൂണിറ്റുകളോട് തൊണ്ട് ശേഖരിക്കാനും ജില്ലാ പഞ്ചായത്തുകളോട് ഇതിനാവശ്യമായ ധനസഹായം നൽകാനും കയർ ബോർഡിനോട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. കയർ വികസന വകുപ്പിലെ 10 പ്രോജക്ട് ഓഫീസർമാരുടെ കീഴിൽ കയർ സഹകരണ സംഘം, കയർ ബോർഡ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ പ്രതിനിധികൾ അംഗങ്ങളായി ഉപദേശക സമിതികളും രൂപീകരിച്ചിരുന്നു. പക്ഷേ, പ്രായോഗികതലത്തിൽ ചില ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ തൊണ്ടു സംഭരണം ഊർജ്ജിതമായി നടത്താൻ കഴിഞ്ഞിട്ടില്ല.

5. ആവശ്യമായി വന്നാൽ പുറംരാജ്യങ്ങളിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടുകയും ഇറക്കുമതി ചെയ്യുവാൻ ഹോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

6. ആലപ്പുഴ ജില്ലയിൽ 75% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും ഡീഫൈബിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly